ചീമേനി ഐ. എച്ച്. ആർ. ഡി. കോളേജിന് കെട്ടിടം

125 [3651] *ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചീമേനിയിലെ ഐ. എച്ച്. ആർ. ഡി. അപ്ലൈഡ് സയൻസസ് കോളേജിന് കെട്ടിടം നിർമ്മിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ ചീമേനിയിലുള്ള ഐ. എച്ച്. ആർ. ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് കെട്ടിടം നിർമ്മിക്കാനായി എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിച്ചു കഴിഞ്ഞാൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അനധികൃത നിയമനം

126 [3652] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്. ആർ ഡി. യുടെ കീഴിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്;

(ബി) ഓരോ സ്ഥാപനത്തിലും വാച്ചർ-കം-പ്യൂൺ, സ്വീപ്പർ-കം-പ്യൂൺ, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇവരിൽ എത്രപേരെ എംപ്ലോയ്മെന്റ് വഴി നിയമിച്ചു;

(ഡി) മറ്റുള്ളവർക്ക് നിയമനം നൽകിയത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) ബഹുമാനപ്പെട്ട ഹൈക്കോടതി വിധിപ്രകാരം, ഐ. എച്ച്. ആർ. ഡി. യിൽ നിന്നും പിരിച്ചുവിടേണ്ടിവന്ന ലൈബ്രറി അസിസ്റ്റന്റുമാർക്ക് വീണ്ടും മറ്റു തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആർക്കൊക്കെ നിയമനം നൽകി എന്നും, ഏതെല്ലാം തസ്തികകളിലാണ് നിയമിച്ചതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ 57 വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

(ബി) ഐ. എച്ച്. ആർ. ഡി. യുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ വാച്ചർ-കം-പ്യൂൺ, സ്വീപ്പർ-കം-പ്യൂൺ, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരെ സംബന്ധിക്കുന്ന വിശദാംശം അനുബന്ധമായി ചേർക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവരിൽ ആരെയും എംപ്ലോയ്മെന്റ് വഴിയല്ല നിയമിച്ചത്.

(ഡി) ഐ. എച്ച്. ആർ. ഡി. യുടെ ഭരണസമിതി അംഗീകരിച്ചു പുറപ്പെടുവിച്ചിട്ടുള്ള റിക്രൂട്ട്മെന്റ് പോളിസി അനുസരിച്ച്, ഐ. എച്ച്. ആർ. ഡി. ഡയറക്ടർക്ക് ടി ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ തസ്തികയിൽ തികച്ചും താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്താവുന്നതാണ്. ഇതനുസരിച്ച് ഐ. എച്ച്. ആർ. ഡി. യുടെ ആരംഭകാലം മുതൽ വിവിധ സ്ഥാപനങ്ങളിൽ, ടി തസ്തികകളിൽ, ആളുകളെ കണ്ടെത്തി, തികച്ചും താൽക്കാലികമായിട്ടാണ് നിയമനം നടത്തിവരുന്നത്.

(ഇ) ലൈബ്രറി അസിസ്റ്റന്റ് തസ്തികയിൽ നിന്നും പിരിച്ചുവിടേണ്ടിവന്ന ചില താൽക്കാലിക ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ലോക ബാങ്ക് പദ്ധതികൾ

127 [3653] *ശ്രീ. ടി. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഇവ ഓരോന്നിലും ലോകബാങ്ക് സഹായം എത്രത്തോളമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ഡി) ലോകബാങ്കിന്റെ മൂന്നാം ടെക്നിക്കൽ എഡ്യൂക്കേഷൽ പദ്ധതിയുടെ കീഴിൽ 'സെന്റർ ഓഫ് എക്സലൻസ്' ആയി ഉയർത്തിയ സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ഇ) ഈ സ്ഥാപനങ്ങളിൽ ഉണ്ടായ പ്രവർത്തന പുരോഗതി എന്തൊക്കെയാണ്?

ഉത്തരം

(എ) ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (റ്റി. ഇ. ക്യൂ. ഐ. പി.) ആണ് സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കി വരുന്ന ഏകപദ്ധതി.

(ബി) എഞ്ചിനീയറിംഗ് കോളേജുകൾക്കായി 43.34 കോടി രൂപയ്ക്കുള്ള പദ്ധതി ചെലവ് അംഗീകരിച്ചിട്ടുണ്ട്.

(സി) ടി പദ്ധതി അതിന്റെ പ്രാരംഭ ദിശയിലാണ്.

(ഡി) ഈ പദ്ധതിയിൻ കീഴിൽ 'സെന്റർ ഓഫ് എക്സലൻസ്' ആയി ഉയർത്തുന്ന ഒരു സ്കീം നിലവിലില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly